# ഗവ.എൽ.പി.എസ്സ്

# നടുഭാഗം

## അക്കാദമിക

## മാസ്റ്റർ പ്ലാൻ

## 2025-26

# ഉള്ളടക്കം


- ആമുഖം
- ചരിത്രം
- അടിസ്ഥാന വിവരങ്ങൾ
- പൊതു ലക്ഷ്യങ്ങൾ
- സ്കൂൾതല പ്രവർത്തനങ്ങൾ
- ക്ലാസ്തല പ്രവർത്തനങ്ങൾ

# ആമുഖം

കുട്ടിയുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

# ചരിത്രം

19-20 നൂറ്റാണ്ടിന്റെ അന്ത്യത്തിൽ 1891 ലാണ് സർക്കാർ ഉടമസ്ഥതയിൽ നടുഭാഗം ഗവ. എൽ. പി. സ്കൂൾ സ്ഥാപിതമായതെന്ന് അനുമാനിക്കപ്പെടുന്നു. ഇതിനാധാരമായ ചില രേഖകൾ ചമ്പക്കുളം കല്ലൂർക്കാട് ബസലിക്കയുടെ ചരിത്രത്തിൽ കാണാം. 1894 വൃശ്ചികം 25 വരെ പള്ളി മതിൽക്കകത്ത് പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് വക പ്രൈമറി സ്കൂൾ പിന്നീട് കൊച്ചി പുരയിടത്തിൽ നിർമ്മിക്കാൻ തീരുമാനിച്ചു. 1905 ൽ ഗവൺമെന്റ് പ്രൈമറി സ്കൂൾ (1 മുതൽ 3 വരെ ക്ലാസുകൾ) നടുഭാഗത്തേക്ക് മാറ്റി.

തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ്മയുടെ കാലത്ത് വിദ്യാഭ്യാസ രംഗത്തെ അഭിവൃദ്ധിയുടെ ഒരു കുതിച്ചു കയറ്റം തന്നെ ഉണ്ടായി. പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കുക എന്ന തത്വം അംഗീകരിക്കപ്പെടുകയും അതിന്റെ ഭാഗമായി സ്ഥാപിതമാവുകയും ചെയ്തതാണ് ഈ വിദ്യാലയം.

ഈ നാട്ടിലെ മുൻ തലമുറയിൽ പുരോ-
ഗമന ചിന്താധാര ശക്തമായിരുന്നു. സ്കൂൾ
സ്ഥാപിക്കുന്നതിന് മുൻതന്നെ പടുത്ത ഗാന്ധ്യ
സ്ക്കാരികളെക്കുറിച്ച് അറിവില്ല. സ്വാതന്ത്ര്യ സമര-
ത്തിന്റെ ശക്തമായ വേരുകളും പ്രവർത്തനങ്ങളും
അക്കാലത്ത് ഉണ്ടായിരുന്നു. ഇന്ത്യയിൽ ഏറ്റവും
കൂടുതൽ സാക്ഷരരുള്ള പഞ്ചായത്ത് എന്ന
ഖ്യാതി നെടുമുടിക്ക് നേടിത്തന്നത് ഇവിടെ
വളർന്ന വികസിച്ച പൊതു വിദ്യാലയങ്ങൾ
തന്നെയാണ്. അതിന് തുടക്കമായത് നമ്മു-
ടെ വിദ്യാലയമാണ്, എന്നതിൽ നമുക്കേവർക്കും
അഭിമാനിക്കാം.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ.എൽ.പി.സ്കൂൾ.നടുഭാഗം

സ്ഥാപിതം : 1891

സ്കൂൾ കോഡ് : 32110800701

സബ് ജില്ല : മങ്കൊമ്പ്

ബി.ആർ.സി : മങ്കൊമ്പ്

വിദ്യാഭ്യാസ ജില്ല : ആലപ്പുഴ

താലൂക്ക് : കുട്ടനാട്

ഗ്രാമ പഞ്ചായത്ത് : നെടുമുടി

വാർഡ് നമ്പർ : 11

ഭൂവിസ്തൃതി : 1 ഏക്കർ

# ലക്ഷ്യങ്ങൾ

→ സ്കൂളിലെ ഒന്നു മുതൽ നാല് വരെയുള്ള എല്ലാ കുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

→ കുട്ടികളിൽ ശുചിത്വബോധം വളർത്തുക, ആരോഗ്യം സംരക്ഷിക്കുക, വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയ്ക്ക് മുൻതൂക്കം നൽകുക.

→ കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും വിവിധ മത്സര പരീക്ഷകളിൽ പങ്കെടുപ്പിക്കാൻ പ്രാപ്തരാക്കുക.

→ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനായി ലാബ് സജ്ജീകരിക്കുക.

→ കുട്ടികളുടെ വായനശീലം പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി സജ്ജീകരിക്കുക.

- കുട്ടികളുടെ ശാരീരിക, മാനസിക ഉണർവിനും ഏകാഗ്രത വർധിപ്പിക്കുന്നതിനുമു യോഗ പരിശീലനം നടത്തുക.

- കലാകായിക പ്രവൃത്തി പരിചയ പഠനം മറ്റു പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

- ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ക്ലാസ് മുറിയിൽ ഒരുക്കുക.

**ലക്ഷ്യം :**

കുട്ടികളുടെ ശാരീരിക മാനസിക ഉണർവിനും ഏകാഗ്രത വർദ്ധിപ്പിക്കുന്നതിനുമായി ലഘു വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നു.

**പ്രവർത്തന പദ്ധതി :** യോഗ . സുംബ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| സുംബ ഡാൻസ് | ജൂൺ - മാർച്ച് തിങ്കൾ - വെള്ളി. രാവിലെ | റജീന ടീച്ചർ |
| യോഗ പരിശീലനം | ജൂൺ - മാർച്ച് ആഴ്ചയിൽ മൂന്നു ദിവസം | ബിന്ദു ടീച്ചർ |

## ലക്ഷ്യം

* കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും വിവിധ മത്സര പരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനു പ്രാപ്തരാക്കുക.

* ഓരോ ദിവസത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി അവ ആചരിക്കുന്നതിന്റെ ആവശ്യകത കുട്ടികളിൽ ഉണ്ടാക്കുക.

## പ്രവർത്തന പദ്ധതി : ദിനാചരണങ്ങൾ

| ദിനങ്ങൾ | പ്രവർത്തനങ്ങൾ. |
|---|---|
| ജൂൺ | |
| 5 പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടൽ<br>പോസ്റ്റർ നിർമ്മാണം, ക്വിസ്<br>നൃത്താവിഷ്കാരം |
| 19 വായന ദിനം | വീട്ടിൽ ഒരു ലൈബ്രറി,<br>ക്ലാസ് റൂം വായന മൂല, ക്വിസ്,<br>അമ്മ വായന, P.N. പണിക്കർ<br>അനുസ്മരണം, പതിപ്പ് |

| | |
|---|---|
| 21 യോഗ ദിനം | യോഗ പരിശീലനം<br>ബോധവൽക്കരണ ക്ലാസ് |
| 26 ലഹരി വിരുദ്ധ-ദിനം | പോസ്റ്റർ രചന, വീഡിയോ പ്രദർശനം, നൃത്താവിഷ്കാരം, ബോധവൽക്കരണ ക്ലാസ്. |
| ജൂലൈ | |
| 5 ബഷീർ ദിനം | ബഷീർ കഥാപാത്രങ്ങളുമായി ഒരു-ങ്ങൽ, ബഷീർ കൃതികൾ പരിചയപ്പെടുത്തൽ, ക്വിസ്. |
| 11 ജനസംഖ്യാ ദിനം | ജനസംഖ്യയും - ഇന്ത്യയും<br>ബോധവൽക്കരണ ക്ലാസ്. |
| 21 ചാന്ദ്രദിനം | പോസ്റ്റർ രചന, ക്വിസ്<br>വീഡിയോ പ്രദർശനം,<br>ബഹിരാകാശ യാത്രികരെ പരിചയപ്പെടുത്തൽ |
| ആഗസ്റ്റ് | |
| 6 ഹിരോഷിമ ദിനം<br>9 നാഗസാക്കി ദിനം | യുദ്ധ വിരുദ്ധ പോസ്റ്റർ രചന, ക്വിസ്, വീഡിയോ പ്രദർശനം<br>സഡാക്കോ കൊക്ക് നിർമ്മാണം. |

| | |
|---|---|
| 15 സ്വാതന്ത്ര്യദിനം | പതാക ഉയർത്തൽ<br>ബാഡ്ജ് നിർമ്മാണം<br>ദേശഭക്തി ഗാനാലാപനം<br>ക്വിസ്, സ്വാതന്ത്ര്യസമര<br>സേനാനികളുമായി ഒരുങ്ങൽ<br>പോസ്റ്റർ, പതിപ്പ്. |
| 17 കർഷകദിനം.<br>(18 തിങ്കൾ) | കേരളീയ വേഷം ധരിക്കൽ<br>പച്ചക്കറി കളും ധാന്യങ്ങൾ<br>കർഷകരുമായി അഭിമുഖം<br>കൃഷിച്ചൊല്ലുകൾ ശേഖരണം |

## ലക്ഷ്യം :

കുട്ടികളിൽ ശുചിത്വ ബോധം വളർത്തുക; ആരോഗ്യം സംരക്ഷിക്കുക, വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയ്ക്ക് മുൻതൂക്കം നൽകുക.

## പ്രവർത്തന പദ്ധതി : ആരോഗ്യ ശുചിത്വം

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| → ക്ലാസ് ശുചീകരണം.<br>* അധ്യാപികമാർ കുട്ടികളിലെ ശുചിത്വ ശീലങ്ങൾ പരിശോധിക്കുക.<br>(നഖം വെട്ടുക, കുളിക്കുക, വൃത്തിയുള്ള വസ്ത്രം ധരിക്കുക....)<br>* ശുചിത്വ ചാർട്ട് | ജൂൺ<br>ജൂൺ - മാർച്ച് | |
| → ബോധവൽക്കരണ ക്ലാസ്<br>* മഴക്കാല രോഗങ്ങളും പ്രതിരോധ മാർഗങ്ങളും<br>* | | |

SAMP

ലക്ഷ്യം :→ സ്കൂളിലെ 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികളെയും തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

(ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ)

പ്രവർത്തന പദ്ധതി : അക്ഷര മിഠായി

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| → പ്രീ-ടെസ്റ്റ്<br>* അവലോകനം<br>* വിവിധ നിലവാരക്കാരെ കണ്ടെത്തൽ<br>* SRG CPTA | ജൂൺ<br>ആദ്യവാരം | Class Teacher<br>SRG |
| → അക്ഷരകാർഡുകൾ നൽകി സ്വരാക്ഷരങ്ങൾ ഉറപ്പിക്കുന്നു. | ജൂലൈ<br>തിങ്കൾ- വെള്ളി<br>9:15 - 9:45 | Class Teacher |
| → അക്ഷരകാർഡുകൾ നൽകി വ്യഞ്ജനാക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>* ചില്ലക്ഷരങ്ങൾ<br>* കൂട്ടക്ഷരങ്ങൾ<br>* എന്നെ കണ്ടെത്തൂ..<br>* അക്ഷര മരം<br>* വളരുന്ന മരം | ആഗസ്റ്റ് | |

| | | |
|---|---|---|
| * അക്ഷരം കണ്ടെത്തി വട്ടം വരയ്ക്കൽ.<br>* അക്ഷരകാർഡുകൾ ഉപയോഗിച്ച് പദങ്ങൾ നിർമിക്കൽ.<br>(ചിഹ്നങ്ങൾ ഇല്ലാത്ത വാക്കുകൾ) | | |
| → ം, ആ മുതൽ "അം" വരെയുള്ള ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ.<br>* അവതരണം അറിയിക്കാം.<br>* കൂട്ട് കൂടാം. | സെപ്തംബർ<br>ഒക്ടോബർ | |
| → ചിത്രം കാണിക്കുന്നു.<br>കണ്ട കാര്യങ്ങൾ പറയുന്നു, എഴുതുന്നു.<br>(പദസൂര്യൻ) | നവംബർ | |
| → കഥ അവതരിപ്പിക്കുന്നു.<br>* ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു<br>* കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം കണ്ടെത്തുന്നു.<br>* പേര് എഴുതുന്നു. | | |
| → വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ<br>eg: മല<br>വലിയ മല<br>- - - - - -<br>- - - - - -<br>കൂടുതൽ വാക്യങ്ങൾ കണ്ടെത്തുന്നു. | | |

## പ്രവർത്തന പദ്ധതി : ലൈബ്രറി

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ലൈബ്രറി | * സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ കണ്ടെത്തുന്നു | മെയ് | ക്ലാസ് ടീച്ചർ |
| | * ക്ലാസ് ലൈബ്രറി സജ്ജമാക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |
| | * ക്ലാസ് തല stock register, ക്ലാസ് തല issue register എന്നിവ തയ്യാറാക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ |
| | * കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ | ജൂൺ 19 | SRG CPTA |
| | * അമ്മ വായന | ജൂലൈ | |

# പ്രവർത്തന പദ്ധതി : ലാബ്

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്ര ലാബ് | * സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കൽ | മെയ് അവസാന വാരം | |
| | * ലാബ് സജ്ജീകരിക്കൽ | ജൂൺ | |
| | * Issue Register | ജൂൺ അവസാന വാരം. | |
| | | | |

# ഒന്നാം തരം - ഭാഷ - മലയാളം

## ലക്ഷ്യം : 1 വായന

→ തെറ്റുകൂടാതെ മലയാള ഭാഷ വായിക്കുവാനുള്ള ശേഷി കൈവരിക്കൽ.

→ പത്ര വാർത്താ തലക്കെട്ടുകൾ, ചിത്രകഥകൾ, പോസ്റ്ററുകൾ എന്നിവയിലൂടെയുള്ള വായന.

### പ്രവർത്തനങ്ങൾ

* ഒന്നാം ക്ലാസിലെ കുട്ടികളുടെ നിലവാരത്തിനു യോജിച്ച പുസ്തകങ്ങൾ കണ്ടെത്തൽ.
* പുസ്തക സമാഹരണം. [സ്കൂൾ ലൈബ്രറി, കുട്ടികളുടെ വീടുകൾ എന്നിവിടങ്ങളിൽ നിന്നും]
* വായന സാമഗ്രി നിർമ്മാണ ശിൽപശാല സംഘടിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി സജ്ജമാക്കൽ.
* വീട്ടിൽ ഒരു ലൈബ്രറി.

## ലക്ഷ്യം : 2 ലേഖനം

→ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചുമർ പത്രിക, ആശംസാ കാർഡ്, പോസ്റ്റർ ... നിർമ്മാണം.

→ സംയുക്ത ഡയറി

→ ചിത്രവായന.

## സർഗ്ഗാത്മക പ്രകടനം

* പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസിൽ തയ്യാറാക്കിയിട്ടുള്ള കവിത, കഥ, ആംഗ്യപ്പാട്ട്, പാട്ട്, സ്കിറ്റ് ഇവയുടെ അവതരണം.
* ബാലസഭകളിലും CPTA യോഗങ്ങളിലും സർഗ്ഗാത്മക പ്രകടനം നടത്തുക.
* ഇവ കൂടുതൽ മെച്ചപ്പെടുത്തലുകൾ വരുത്തി സ്കൂൾ വാർഷികങ്ങളിലും പഠനോത്സവ വേദികളിലും അവതരിപ്പിക്കുക.

---

# ഗണിതം

## ലക്ഷ്യം:

→ 1 മുതൽ 20 വരെയുള്ള സംഖ്യാബോധം കൈവരിക്കുക; ഗണിത പ്രക്രിയകളിൽ ഏർപ്പെടുക; പ്രായോഗിക ഗണിത ബോധം സൃഷ്ടിക്കുക.

## പ്രവർത്തനങ്ങൾ

* ഓരോ കുട്ടിക്കും ഗണിതകിറ്റ് സജ്ജമാക്കുന്നു.
* ക്ലാസ് റൂമിൽ ഗണിതലാബ് ഒരുക്കുന്നു.
* ഈർക്കിൽ, മഞ്ചാടി, മുത്തുകൾ എന്നിവ ശേഖരിക്കുന്നു.

# പരിസരപഠനം

ലക്ഷ്യം:

→ പാരിസ്ഥിതികാവബോധം വളർത്തുക.

→ തന്റെ ചുറ്റുപാടുമുള്ള മണ്ണും മരവും ചെടികളും എല്ലാം നമുക്ക് ആവശ്യമുള്ളതാണെന്നുള്ള ബോധം വളർത്തുക.

പ്രവർത്തനങ്ങൾ

* പൂന്തോട്ട നിർമ്മാണം, സംരക്ഷണം.
* പ്രകൃതിയുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുക.

# ഇംഗ്ലീഷ്

ലക്ഷ്യം:

→ ചെറിയ ഇംഗ്ലീഷ് വാക്കുകൾ വായിക്കാൻ പ്രാപ്തരാക്കുക.

→ സ്വന്തം പേരിനോടൊപ്പം സഹപാഠികളുടെ പേരും വായിച്ച് തിരിച്ചറിയാൻ പ്രാപ്തരാക്കുക.

→ പാഠപുസ്തകത്തിന് പുറമെ ചെറിയ ഇംഗ്ലീഷ് കഥകൾ, കവിതകൾ എന്നിവ വായിക്കാൻ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

* മൂന്നാം ക്ലാസിനു യോജിച്ച ഇംഗ്ലീഷ് ലൈബ്രറി പുസ്തകങ്ങൾ മാസികകൾ, ചിത്രകഥകൾ എന്നിവ ശേഖരിക്കൽ.

* വായന സാമഗ്രികൾ തയ്യാറാക്കൽ

* ഇംഗ്ലീഷ് കളികളിൽ ഏർപ്പെടുക.

# പ്രവർത്തന കലണ്ടർ - മൂന്നാം തരം.

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | കാലയളവ് | ചുമതല |
|---|---|---|---|
| 1 | ലൈബ്രറി വികസനം | ജൂൺ | ക്ലാസ് ടീച്ചർ<br>CPTA |
| 2. | വായന സാമഗ്രികൾ - നിർമ്മാണം. | ജൂൺ-ഡിസംബർ | ക്ലാസ് ടീച്ചർ<br>CPTA |
| 3 | ചിത്രകാർഡ് - നിർമ്മാണം | ജൂലൈ | ക്ലാസ് ടീച്ചർ<br>CPTA |
| 4. | സംയുക്ത ഡയറി | ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് |
| 5 | ഗണിതലാബ് | ജൂൺ-ജനുവരി | ക്ലാസ് ടീച്ചർ<br>CPTA |
| 6 | ക്ലാസിൽ ഒരു പത്രം | ജൂൺ-മാർച്ച് | SMC |
| 7. | വായനോത്സവം | ആഗസ്റ്റ് മാർച്ച് | ക്ലാസ് ടീച്ചർ<br>CPTA |
| 8 | ഭക്ഷ്യമേള - പലഹാര പ്രദർശനം | സെപ്തംബർ | ക്ലാസ് ടീച്ചർ<br>CPTA<br>SRG |
| 9. | ഒരു കുട്ടി ഒരു ചെടി | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ<br>CPTA |
| 10 | കളിപ്പാട്ട നിർമ്മാണം. | ജൂൺ-ഡിസംബർ | ക്ലാസ് ടീച്ചർ<br>CPTA |
| 11 | മികവ് പ്രദർശനം | മാർച്ച് | ക്ലാസ് ടീച്ചർ<br>CPTA<br>SMC |

# പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: ഗവ. എൽ. പി. സ്കൂൾ
നടുഭാഗം

ക്ലാസ് : III

അധ്യാപികയുടെ പേര്: ബിന്ദു തോമസ്

കുട്ടികളുടെ എണ്ണം: 7

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - III

## മലയാളം

### ലക്ഷ്യങ്ങൾ

* പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻ നിർത്തി കൊണ്ട് കുട്ടികൾ എല്ലാവരും സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
* രചനകൾ ഭാവാത്മകമായി വായിക്കും.
* ആസ്വദിച്ച ഭാഷാ ഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല് .. മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

| പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|
| കനകച്ചിലങ്ക | | |
| * നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്) | ജൂൺ - ജൂലൈ | |
| * പഴഞ്ചൊല്ലുകൾ ശേഖരണം | | |
| * കഥാശേഖരം - ക്ലാസ് ലൈബ്ര... | | |

| | | | |
|---|---|---|---|
| | *കഥോത്സവം (നാടൻകഥകളുടെ അവതരണ ശില്പശാല)<br>*കടങ്കഥകൾ ശേഖരണം - കടങ്കഥപ്പയറ്റ്, കടങ്കഥ പതിപ്പ്<br>*കലാരൂപങ്ങൾ - ചിത്രശേഖരണം. | | |
| 2 | ഭക്ഷണപ്പൊതി<br>*കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ<br>*ക്ലാസ്സ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ<br>*ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം<br>*പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ<br>*ഹരിതകർമ്മസേനാംഗങ്ങളുമായി അഭിമുഖം<br>*വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ | ആഗസ്റ്റ്-സെപ്റ്റംബർ | |
| 3 | മനുഷ്യന്റെ കൈകൾ<br>*കൃഷിയിടം സന്ദർശനം<br>*കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം | ഒക്ടോബർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതം

ക്ലാസ്സ് - III

### ആമുഖം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളുള്ള കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്

### ലക്ഷ്യം:1

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരംതിരിക്കുന്നു. നിർമിക്കുന്നു. നിർമാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമിക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| * വിവിധ ഗണിതരൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമാണം, രൂപങ്ങൾ തിരിച്ചറിയൽ, പ്രത്യേകതകൾ മനസ്സിലാക്കൽ<br>* ഗണിത രൂപങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ആശംസാകാർഡ് നിർമാണം<br>* തോണി നിർമാണം, രൂപങ്ങൾ കണ്ടെത്തൽ<br>* ഗണിതരൂപങ്ങൾ ഉപയോഗിച്ച് വി | ജൂൺ |

വിധ ചിത്രങ്ങൾ തയ്യാറാക്കൽ

- ഗണിതരൂപ ചിത്രപതിപ്പ് നിർമ്മാണം
- തീപ്പെട്ടിക്കമ്പ് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം

ലക്ഷ്യം: 2

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| **കളം നിറയ്ക്കാം**<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്രമത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക<br>**നറുക്കെടുക്കാം**<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു<br>• കിട്ടിയ സംഖ്യ വായിക്കുന്നു<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു<br>**10 ചങ്ങാതിമാർ**<br>• സംഖ്യ നറുക്ക് എടുക്കുന്നു<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം<br>**ക്രമത്തിലാക്കാം**<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>• ആരോഹണക്രമം, അവരോഹണക്രമം എഴുതുക | ജൂലൈ |

ലക്ഷ്യം: 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| പ്രവർത്തനം | കാലയളവ് |
|---|---|
| **സംഖ്യാ സൂത്രൻ**<br>• ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതുന്നു<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു<br>**ക്രമീകരിക്കാം**<br>• അബാക്കസ് നിർമാണം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം | |

ലക്ഷ്യം: 4

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

| പ്രവർത്തനം | കാലയളവ് |
|---|---|
| **സംഖ്യ ചക്രം**<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ-ഓഗസ്റ്റ് |
| **ഭാഗ്യവാനെ കണ്ടെത്താം**<br>• അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ള | ജൂലൈ-ഫെബ്രുവരി |

# അക്കാദമിക് മാസ്റ്റർപ്ലാൻ

ക്ലാസ്: III　　വിഷയം: പരിസരപഠനം

ലക്ഷ്യം: 1
പരിസ്ഥിതി മനോഭാവം വളർത്തിയെടുക്കുക

| Sl.No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം. പ്രത്യേകതകൾ മനസ്സിലാക്കാം<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>* നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം (ഫീൽഡ് ട്രിപ്പ്)<br>* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം) |
| 2. | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>* വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3. | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>* പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ, പരിസരങ്ങളിൽ പതിക്കൽ |

കുട്ടികളെ വ്യക്തിശുചിത്വമുള്ളവരാക്കി മാറ്റുക

| Sl.No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ-മാർച്ച് | ദിനകൃത്യങ്ങൾ<br>* ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>* കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു |
| 2 | ജൂലൈ-മാർച്ച് | നമ്പർ വൺ<br>* ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>* വ്യക്തിശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു |
| 3 | ജൂൺ-ഡിസംബർ | പരിസര നടത്തം<br>* നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം. സർവേ<br>* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4. | ജൂലൈ-മാർച്ച് | നല്ല ശീലം<br>* പോസ്റ്ററുകൾ തയ്യാറാക്കാം<br>* പരിസരങ്ങളിൽ പതിക്കാം. |

ലക്ഷ്യം: 3

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക

| Sl.No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>* നമ്മുടെ നാട്ടിലെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു |

| | | |
|---|---|---|
| | | കുളം, വയൽ, കാട്, ..... ) |
| 2 | ഡിസംബർ-ഫെബ്രുവരി | <u>പരീക്ഷണങ്ങൾ</u><br>* ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു |
| 3 | ജനുവരി- മാർച്ച് | <u>പക്ഷിനിരീക്ഷണം</u><br>* പക്ഷി നിരീക്ഷണത്തിന് അവസര |

# Academic Master Plan

Class: III                    Subject: English

**Aim**

To speak, Read & write English without any mistakes

**Time: June to March**

To check the vocabulary and writing skills of pupil

**Actitities**

**June and July**

Pre test

To ~~check~~ develop the ~~vocabullary and writing~~ listening skills and reading Skills of pupil

**Listening skills:**

Games, Action songs.

- Hello English Activities
- conversations
- Skit stories
- use ICT

**Speaking skills:**

Identify the naming words from the picture

- Identify the action words from the picture

Make the simple sentences using the word about picture

Make simple description about the picture

- Growing sentences, picture reading, self introductions

## August and September

- Develop the creative speaking and writing

Reading skills

- Books reading
- Find words
- collect and read past tense
- Rhyming words
- TB activities

Writing skills

- make word web
- picture description
- word chain
- Make words and sentences
- Make riddles, conversations
- Add more lines

## October and November

To express thoughts, feelings etc...

Reading skills

- Library book reading
- Conversations, skit, stories, use ICT
- Read notice
- Develop story

Writing skills

- Description
- Thoughts

## December and January

Develop the creative speaking and writing

Reading skills

- Library books reading

ലക്ഷ്യം.

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ.

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനുമുള്ള പ്രധാന്യം
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. ഭാഷാപഠനം.

| പ്രവർത്തനം | ലക്ഷ്യം | കാലം. |
|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ. |
| വായിക്കാം വളരാം. | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ. |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ. | " | " |

| | | |
|---|---|---|
| വായനാക്കുറിപ്പ്<br>ആസ്വാദന കുറിപ്പ് | | |
| കണ്ടറിയാം കേട്ടറിയാം<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ /പ്രദർശിപ്പിക്കൽ | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | ആവശ്യാനുസരണ<br><br>ആവശ്യാനുസരണ |
| രുചിച്ചറിയാം.<br><br>ഭക്ഷ്യമേള - പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമാണം.<br>ക്ലാസിലൊരു സദ്യ. | നാടൻ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിൽ ഒ |
| ഓർക്കാം അഭിമാനിക്കാം.<br>• സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ<br>• ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ്.<br>• പതിപ്പ്. | സാഹിത്യകാരന്മാരെ അടുത്തറിയൽ.<br>ഓർമ്മദിനങ്ങൾ ആചരിക്കൽ | പാഠഭാഗത്തി<br>ആവശ്യാനുസര |

| | | |
|---|---|---|
| കലക്കൂട്ട് കലകൾ - പതിപ്പ് നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട കലകളെക്കുറിച്ച് അറിയൽ | വർഷത്തിലൊന്ന്. |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ സർഗോത്സവം, കലാവതരണം, പ്രദർശനം. | | വർഷത്തിലൊരിക്കൽ |

# ഗണിതം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ (ഏണിയും പാമ്പും, ഡയസ്കളി) | ഗണിതപഠനം രസകരമാക്കൽ | വർഷം മുഴുവൻ |
| ഒറിഗാമിയിലൂടെ പഠിക്കാം. ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - അചലന ശേഷി വികാസം | ആവശ്യാനുസരണം |
| ഗണിതലാബ്. | ഗണിതപഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | ആഗസ്റ്റ് മുതൽ |
| ഗണിതച്ചുവർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ. |
| ഗണിത പഠനോപകരണ ശില്പശാല. പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | |

| | | |
|---|---|---|
| ഗണിതമേള<br>പ്രശ്നോത്തരി<br>പാറ്റേൺ<br>പഠനഉത്പന്നങ്ങളുടെ<br>പ്രദർശനം. | ഗണിത ശേഷികളുടെ<br>പ്രകടനം. | ജനുവരി |

# പരിസര പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
|---|---|---|
| പ്രകൃതി നടത്തം. പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് | നിരീക്ഷണം- അറിവ് നിർമാണം. | |
| ശാസ്ത്രമൂല ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | |
| ഭൂപടമൊരുക്കാം. കേരളം - ഇന്ത്യ - ഭൂപട വായന | ഭൂപട വായന, ഭൂപട രചന സൂചിക പരിചയപ്പെടൽ കളങ്ങൾ ഉപയോഗിക്കൽ | |
| ശാസ്ത്ര വിസ്മയ ചുവർ. ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ എന്നിവ പ്രദർശിപ്പിക്കൽ. | ശാസ്ത്രപഠനം രസകരമാക്കൽ | |
| ശാസ്ത്രോത്സവം. പഠനഉല്പന്നങ്ങളുടെ പ്രദർശനം. പതിപ്പ് | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | |

| | | |
|---|---|---|
| ചാർട്ട്<br>ആൽബം<br>പഠനോപകരണം<br>പരിക്ഷണം. | | |
| ശാസ്ത്രമാസിക.<br>ശാസ്ത്രപഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | അറിവുകളുടെ രചന. | |

# English

**Introduction.**

English is a second language for 8th standard students. It is important to make them read, write and speak English without mistakes. Make them confident to speak English. So, in this academic year 2025-26, planned to include some activities to fulfill these objectives

**English assembly** - (Through out the year)

Aim:

- To improve speaking and writing skills in English
- To improve reading skills.

Activity.

Conducts English assembly through out the year. Children will take all the responsibilities.

**English diary** (2 times in a week)(From July)

Aim

- To write English without mistakes
- To improve vocabulary.

Activity

* Let the students write day-to-day activities in English.

**Creative writings & Presentation** (Once in a month)

Aim.

- To present the lessons in different types of discourses like Skit, Drama, Conversation,

Reading skill

storey telling etc.

English Magazine

Aim

. To improve creativity.

Activity

Let the students to prepare an English magazine once in 3 months. Magazine shoud include the writings of students, drawing etc.

English Corner. (Once in a week)

Aim

To improve reading skill.

Activity

Makes an English corner that include books of their age. Gives time to read the books. Tr makes them to tell about the text book/story in English.

English fest

Aim

• To make them confident to speak and present something in English.

Activity

• Reading Competition

• Presentation of different types of discourses.